# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.688 | 29/11/2018-ൽ മറുപടിക്ക്

### പ്രളയവും ഡാമുകൾ തുറക്കലും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | പ്രളയം ഉണ്ടായപ്പോൾ ഡാമുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പ് എന്തെല്ലാം മുൻ കരുതലുകൾ എടുത്തിരുന്നു; ഏതെല്ലാം വകുപ്പുകളുമായി ഇത് സംബന്ധിച്ച് മീറ്റിംഗുകൾ നടത്തിയിരുന്നു; പ്രസ്തുത മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഡാമുകളുടെ വൃഷ്ടിപ്രദേശത്ത് ഈ കാലവർഷത്തിൽ പെയ്ത കനത്ത മഴയിൽ ജലവിതാനം സാധാരണ വർഷങ്ങളേക്കാൾ ജൂലൈ മാസത്തിൽ ഉയർന്നിരുന്നു. ഈ സാഹചര്യത്തിൽ 25.07.2018 ൽ ചെയർമാൻ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനയോഗം നടത്തുകയും പ്രധാന ജലസംഭരണികൾ തുറക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ തീരുമാനിക്കുകയും ഉണ്ടായി. ഇതനുസരിച്ച് ഇടുക്കി, ഇടമലയാർ, പമ്പ എന്നീ ജലസംഭരണികൾക്ക് ജലവിതാനം ഉയരുന്നതിനനുസരിച്ചുള്ള മൂന്നുഘട്ട ജാഗ്രതാ നിർദ്ദേശങ്ങൾ (ബ്ലൂ, ഓറഞ്ച്, റെഡ് അലർട്ട്) പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട ജില്ലാകളക്ടർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ, സംസ്ഥാന ജില്ലാ ദുരന്തനിവാരണ അതോറിററി, പോലീസ് ഡിപ്പാർട്ട്മെന്റ്, ഫയർഫോഴ്സ് എന്നിവരെ അറിയിക്കുകയും അവരുടെ നിർദ്ദേശമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കത്തിലൂടെയും ഫോണിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും നിരന്തരമായി ബന്ധപ്പെട്ട് ദുരന്തനിവാരണ പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും ഏകോപിപ്പിച്ചിരുന്നു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 08.08.2018 ലും 10.08.2018 ലും യോഗം ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. മീറ്റിംഗിന്റെ മിനിട്സ് അനുബന്ധം (1), (2) എന്നിവയായി ചേർത്തിരിക്കുന്നു. |
| (ബി) | കക്കി, മൂഴിയാർ, കൊച്ചുപമ്പ, ആനത്തോട്, മണിയാർ ഡാമുകളുടെ | (ബി) | കക്കി – ആനത്തോട്, മൂഴിയാർ, കൊച്ചുപമ്പ ഡാമുകളുടെ പരമാവധി സംഭരണശേഷിയും, |

(..2)

സംഭരണശേഷി എത്രയാണ്; പ്രളയ കാലത്ത് സംഭരണ ശേഷിയിൽ കൂടുതൽ എത്ര ഘന അടി ജലം ഉയർന്നു; എത്ര ഘന അടി ജലം തുറന്നുവിട്ടു; കണക്കുകൾ ലഭ്യമാക്കുമോ;

പ്രളയകാലത്ത് (14.8.2018 മുതൽ 20.08.2018 വരെ) പ്രസ്തുത ഡാമുകളിൽ ആകെ ഒഴുകിയെത്തിയ വെള്ളത്തിന്റെയും, തുറന്നു വിട്ട വെള്ളത്തിന്റെയും കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| ഡാമിന്റെ പേര് | പരമാവധി സംഭരണ ശേഷി (ദശലക്ഷം) ഘനമീറ്റർ (Mcm) | ആകെ ഒഴുകി എത്തിയ വെള്ളം (Mcm) | പരമാവധി സംഭരണ ശേഷിക്കു ശേഷം ഷട്ടർവഴി പുറത്തേക്ക് ഒഴുകിയ ആകെ വെള്ളം (Mcm) |
|---|---|---|---|
| കക്കി, ആനത്തോട് | 455.02 | 261.67 | 235.70 |
| മൂഴിയാർ | 1.50 | 42.965 | 42.965 |
| കൊച്ചുപമ്പ | 39.22 | 59.95 | 59.44 |

മണിയാർ ഡാമിന്റെ സംഭരണ ശേഷി 8.80Mm3 ആണ്. പ്രളയക്കാലത്ത് ഉയർന്ന ജലം ഷട്ടറുകളുയർത്തി സംഭരണ ശേഷിക്കുള്ളിൽ നിലനിർത്തിയിരുന്നു. പരമാവധി ജലവിതാനം ഉയർന്ന 5.8.2018-ൽ 1040m3/sec ജലം ഒഴുക്കി വിട്ടിരുന്നു.

(സി) പ്രസ്തുത ഡാമുകൾ തുറക്കുന്നതിന് മുമ്പ് ജനങ്ങൾക്ക് മുന്നറിയിപ്പ് ഏതൊക്കെ വിധത്തിൽ നൽകിയിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) പമ്പ, കക്കി-ആനത്തോട് റിസർവോയറുകളുടെ വൃഷ്ടി പ്രദേശങ്ങളിൽ ഈ കാലവർഷത്തിൽ പെയ്ത കനത്ത മഴമൂലം ജലസംഭരണിയിലെ നീരൊഴുക്ക് വർദ്ധിച്ച് ജലവിതാനം പരമാവധി ജലനിരപ്പിലേക്ക് അടുത്തതുകാരണം ഡാമുകളുടെ സുരക്ഷയെ കരുതി അധികജലം ഡാമിന്റെ ഷട്ടറുകൾ വഴി നിർബന്ധമായും ഒഴുക്കി വിടേണ്ട സാഹചര്യം ഉണ്ടായി. ഈ അധികജലം തുറന്നുവിടുന്നതിനുമുമ്പായി ജലനിരപ്പ് ഉയരുന്നതിനോടനുബന്ധിച്ച് വിവിധഘട്ടങ്ങളിൽ ജാഗ്രത പുലർത്താനായിട്ടും പമ്പ/ത്രിവേണി തീർത്ഥാടകരെയും, പൊതുജനങ്ങളേയും അറിയിക്കുന്നതിനും, മറ്റു മുൻകരുതലുകൾ എടുക്കുന്നതിനുംവേണ്ടി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻമാരായ പത്തനംതിട്ട,

C..3)

കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാർക്കും അതാത് റവന്യൂ പൊലീസ് അധികാരികൾക്കും കത്തുകൾ നല്കുകയുണ്ടായി. റിസർവോയറുകളുടെ വാട്ടർലെവൽ അനുസരിച്ച് 3 തരത്തിലുള്ള അലർട്ട് ലെവലുകൾ ഫിക്സ് ചെയ്തിട്ടുണ്ട്. (Blue, Orange & Red).

| Reservoir | FRL (m) | Blue (m) | Orange (m) | Red (m) |
|---|---|---|---|---|
| കക്കി | 981.46 | 979.5 | 980 | 980.5 |
| പമ്പ | 986.33 | 983.5 | 985 | 986 |

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ലെവലുകളിൽ ജലവിതാനം എത്തുമ്പോൾ ജാഗ്രത, അതിജാഗ്രത, അതീവജാഗ്രത, നിർദ്ദേശങ്ങൾ മേൽപറഞ്ഞ അധികാരികളെ അറിയിക്കുകയാണ് ചെയ്യുന്നത്. അതനുസരിച്ച് കക്കി-ആനത്തോട് ഡാമിനെ സംബന്ധിച്ച് 29.7.2018-ൽ Blue Alert-ഉം, 31.07.2018- ൽ Orange Alert- ഉം, 08.08.2018- ൽ Red Alert –ഉം നല്കി. അതിനുശേഷം 09.08.2018- ൽ ബഹു. പത്തനംതിട്ട ജില്ലാകളക്ടറുടെ നടപടിക്രമ അനുമതിയോടെ ആനത്തോട് ഡാമിന്റെ ഷട്ടറുകൾ ഉയർത്തി അധികജലം തുറന്നുവിട്ടു. പമ്പ ഡാമിനെ സംബന്ധിച്ച് 17.7.2018- ൽ Blue Alert- ഉം, 09.08.2018- ൽ Orange Alert- ഉം, എന്നാൽ അന്നേ ദിവസം തന്നെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനാൽ Red Alert – ഉം നല്കി. അതിനുശേഷം പത്തനംതിട്ട ജില്ലാകളക്ടറുടെ നടപടിക്രമ അനുമതിയോടെ 9.8.2018–ൽ പമ്പാ ഡാമിന്റെ ഷട്ടറുകളും തുറന്നു. സംഭരണശേഷി തീരെ കുറവായ (only 1.5 MCM) മൂഴിയാർ ഡാമിന്റെ ഷട്ടറുകൾ ജൂലൈ മാസം മുതൽ തുറന്നിരിക്കുകയാണ്.

(signature)

സെക്ഷൻ ഓഫീസർ

MOM - 8/8/18

അനുബന്ധം - 1

# Minutes of Meeting of the State Executive Committee of Kerala State Disaster Management Authority

(Statutory under the Disaster Management Act, 2005)

**Date & Time 08.08.2018, 4.45pm**

**Place: Office of the Chief Secretary, Secretariat, Thiruvananthapuram.**

Attendees

1. Chief Secretary – Chairperson
2. Additional Chief Secretary, Disaster Management – Convenor
3. Chairman, Kerala State Electricity Board Ltd.
4. Chief Engineer, Irrigation and Administration
5. Director (General), Kerala State Electricity Board Ltd.
6. Chief Engineer, (Dam Safety & DRIP), Kerala State Electricity Board Ltd,
7. Dr. Sekhar L. Kuriakose, Member Secretary, KSDMA – Special Invitee

**Agenda 1 : Idamalayar and Idukki Dam opening**

**Decisions:**

1. The State Executive Committee of KSDMA met urgently at 4.45pm today (8-8-2018). Officials of KSEB were invited to the meeting. The meeting took the following decisions.
2. The State Executive Committee decided to reinforce public confidence by informing public that there is no need of panic.
3. As the water level is increasing due to heavy rainfall, the Idamalayar shutter operations is preponed to 6 am on 9-8-2018.
4. If the water level rises up to 170m before 6 am tomorrow (9-8-2018), only one shutter will be operated and 82 cumecs water will be released. Water level increase due to this limited release is estimated to be contained within the river banks.
5. As Idamalayar dam is on red alert and water level is rising due to heavy rainfall upstream, the trial run decided earlier for Idukki reservoir at 2398ft will be conducted after assessing the situation on a concurrent basis and will be announced subsequently, will deemed necessary.
6. A formal press release will be issued regarding the above decision.

Meeting ended at 5.45 p.m

6

# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Indian Companies Act, 2013)*

Reg.Office: Vydyuthi Bhavanam, Pattom, Thiruvananthapuram - 695 004, Kerala

website: www.kseb.in. CIN :U40100KL2011SGC027424

## Minutes of the meeting convened by the Chairman & Managing Director, KSEBL on 25.07.2018 to review the storage level and strategy for disaster management.

List of Participants :

**At Vydyuthi Bhavanam, Pattom, Thiruvananthapuram**

1. Smt. P. Vijayakumari, Director (T& SO)
2. Sri. N.Venugopal, Director (CP, Gen-E, SCM &S)
3. Sri. Rajeev. S, Director (Gen-Civil & HRM)
4. Sri. P. Kumaran, Director (Dist & IT)
5. Sri. B. Pradeep, Dy. CE with full powers of CE (Commercial& Tariff).
6. Sri. Mohammed Siyad, Executive Engineer, PRO
7. Sri. Anilkumar. K.R, Executive Engineer, PSE
8. Sri. Sunil. K, AEE, O/o. Director (T&SO)

**At Kalamassery through VC**

1. Sri. Kesvadas. V, CE (TSO)
2. Sri. Siji Jose, Chief Engineer (Generation)
3. Sri. Anand. S.R., Deputy Chief Engineer (Grid)
4. Sri. K.R. Rajan, Deputy Chief Engineer, Gen Circle, Moolamattom
5. Sri. Bipin Joseph, Chief Engineer, DRIP
6. Sri. Shaji. K. Mathews, Executive Engineer, Generation Division, Moolamattom
7. Sri. Sabu. S, Executive Engineer, Load Dispatch

**At Pallom through VC**

1. Sri. O.Baburaj, Dy. CE (R&DSO), Pallom

The meeting commenced at 15.30 hrs with Chairman & Managing Director in chair.

The Chairman & Managing Director in his introductory remarks enumerated the circumstance under which this meeting was convened. The CMD informed that due to the continuous downpour during the last few days, the water level in the dams under the control of KSEBL reached alarming levels. Few dams started spilling and others are on the verge of reaching FRL. After a gap of 26 years the Idukki Dam level is nearing 2390 ft. Since the inflow into the reservoir is continuing heavily, the shutter of Cheruthoni Dam is all set to be opened at any time.

The CMD stressed the importance of taking disaster management steps to av any calamities due to spilling and opening of reservoirs. The District Collector convey that information about the water discharges from dams shall be informed to them advance.

CMD informed that the meeting should discuss the various steps to be taken f addressing the situation, various reporting to be done, details of information to l reported, whom to report and various levels of severity.

The Chief Engineer (Generation) and Chief Engineer (Dam Safety) informed th details of Idukki Dam.

| | | |
|---|---|---|
| Maximum Water Level (MWL) | : | 2408.5 ft. |
| Full Reservoir Level (FRL) | : | 2403 ft. |
| Current Level as on 25.07.2018 | : | 2388 ft. |

## Steps to be taken

### First Stage

| | | |
|---|---|---|
| **Crucial First Level** | : | **2390 ft. which is expected tomorrow or day after tomorrow** |

This will be called "മുൻകരുതൽ നിർദ്ദേശം"

1. A letter to be formulated, informing everyone concerned that there is a possibility of opening the Idukki dam detailing the following matters in Malayalam
   - Dam levels
   - Areas affected
   - Outflow expected if dam is opened
   - Instructing them to be prepared with safety measures to be taken
   - Initiation of rehabilitation process
   - Contact details of focal person of KSEB
   - What to expect in case of emergency

2. Persons to be informed
    - All District Collectors (Idukki / Ernakulam / Alappuzha / Pathanamthitta)
    - All Municipalities / Panchayats and other Administrations of the affected areas
    - MLA's and MP's shall be informed over phone also
    - State Disaster Management Cell
    - Fire Force Department/ Police Department of the Districts
    - State Power Department
    - Our own Distribution sections/Divisions shall be kept in the communication loop

    **Communication shall be vide letter and also through e-mails.**

3. Reporting Pattern
    - The information shall be updated daily on dam level reaching 2390 ft. and thereafter
    - Shall continue till dam level is back to below 2390 ft.
    - Shall communicate daily details to all email ids as collected above.

4. Who should report
    - Chief Engineer (DRIP) shall formulate the letter in consultation with CE (Generation) & CE (Trans. System Operation).
    - CE (DRIP) shall sent the letter to all concerned.
    - CE (Generation) & CE (Trans. System Operation) shall sent the same letter to all concerned.
    - CE (TSO) suggested meeting the District Collectors personally which was agreed upon. Accordingly, three CEs should co-ordinate & meet all the respective District Collectors and explain the details and steps to be taken to mitigate the impact of an eventual discharge of water from dams.

## Second Stage

**Crucial Second Level : 2395 ft. which is expected around August 1st as per current inflow pattern**

This will be called "അതിജാഗ്രതാ നിർദ്ദേശം"

In addition to the steps in first stage

1. **Control Room to be opened**
2. **Hourly Reports to be given to All Concerned**

The messages shall be formulated with more severity and District Administration shall be asked to start rehabilitation measures in right earnest.

- The Dam Safety Wing shall carry out an inspection along the rivercourse where the Cheruthoni spill is discharged and ascertain the impact due to the opening of spillway gate.
- Maximum Generation shall be made in all generating stations and will not be stopped until there is a respite in the weather conditions
- Jhabua availability can be availed if it is prudent to do so. Grid shall be managed with adequate system intervention if Jhabua cannot be availed.

The meeting came to close at 17.00 hrs.

**CHAIRMAN & MANAGING DIRECTOR**

121

Endt D(T&SO)/T2/PSP/2018-19/21 -07-2018

Copy submitted to:

1. The Director(Transmission & System Operation)
2. The Director(Finance)
3. The Director( Distribution &IT)
4. The Director(Generation(C) & HRM)
5. The Director (Corporate Planning,G-E, SCM & S)

Copy to all participants

Approved for Issue

TA to Director(Trans. & System Operation)

R7(K)

**Minutes of Meeting of the State Executive Committee of Kerala**

**State Disaster Management Authority**

(Statutory under the Disaster Management Act, 2005)

**Date & Time 10.08.2018, 10.00 am**

**Place: Office of the Chief Secretary, Secretariat,**

**Thiruvananthapuram.**

Attendees

1. Chief Secretary - Chairperson
2. Additional Chief Secretary, Health
3. Additional Chief Secretary, Home
4. Additional Chief Secretary, Disaster Management
5. Principal Secretary, Finance
6. Principal Secretary, Power
7. Principal Secretary, Water Resources
8. Chairman, Kerala State Electricity Board Ltd.
9. Director (Generation), Kerala State Electricity Board Ltd.
10. Chief Engineer, (Dam Safety & DRIP), Kerala State Electricity Board Ltd.
11. Dr. Sekhar .L. Kuriakose, Member Secretary, KSDMA – Special Invitee

**Agenda 1 : Idamalayar and Idukki Dam Opening**

**Decisions**

The State Executive Committee of KSDMA met to review the situation related to Idukki reservoir.

The KSEB presented the following facts to the Committee.

1. Inflow to Idukki : 822 Cumecs (at 10 am)
2. Spill from Cheruthoni : 125 Cumecs
3. Used for generation : 116 Cumecs
4. Inflow into Idamalayar : 425 Cumecs
5. Spill from Idamalayar : 500 Cumecs

Last 6 hours, the inflow surge into Idukki was high due to 22 cm rainfall at Peerumed, upstream. The water level at 4.00 am of 10.08.2018 was 2400.76ft. At present it is 2401.34 (10 am).

The Committee discussed in detail and arrived at the following decisions.

1. The net inflow to the reservoir has to be neutralized to ensure the safety of the dam.
2. Hence, the net spill from Idukki reservoir (Cheruthoni dam) will be increased to a minimum of 750 cumecs, after giving advance notice to Idukki, Ernakulam and Thrissur collectors.
3. The discharge from Idamalayar will be reduced to 425 cumecs
4. It is expected that net spill into Periyar River will be more than that of 2013 level.
5. The State Relief Commissioner will do the needful to evacuate public from area that may be affected.
6. The decision is taken in view of implementing heavy rainfall in Periyar catchment, in public interest and dam safety.

---

Meeting ended at 10.45 am.

അനുബന്ധം - 4

O/o. the Chief Engineer (Civil) Dam Safety & DRIP Kerala State Electricity Board Ltd
CE
No. 1930
Date 28/9/2018

11.06.2018 തീയതിയിൽ ബഹുമാനപ്പെട്ട വൈ ... പ്പ് മന്ത്രി ശ്രീ.എം.എം മണിയുടെ അദ്ധ്യക്ഷതയിൽ കട്ടപ്പന ഗവൺമെ ... ജിൽ ചേർന്ന അവലോകന യോഗത്തിൻെറ മിനുട്ട്സിൽ താഴെ പറയുന്നവർ പങ്കെടുത്തു

| ക്രമ നം. | പേര് | തസ്തിക / ഓഫീസ് |
|---|---|---|
| 1 | ജീവൻ ബാബു.കെ, ഐ.എ.എസ് | ജില്ലാ കളക്ടർ, കളക്ടറേറ്റ്, ഇടുക്കി |
| 2 | കെ.ബി. വേണുഗോപാൽ ഐ.പി.എസ് | ജില്ലാ പോലീസ് മേധാവി, കളക്ടറേറ്റ്, ഇടുക്കി |
| 3 | ജോയിസ് ജോർജ്ജ് | എം.പി, ഇടുക്കി |
| 4 | വി.ആർ. പ്രേംകുമാർ | സബ് കളക്ടർ, ദേവികുളം |
| 5 | റോഷി അഗസ്റ്റിൻ | എം.എൽ.എ ഇടുക്കി |
| 6 | പി.ജി. രാധാകൃഷ്ണൻ | എ.ഡി.എം, കളക്ടറേറ്റ്, ഇടുക്കി |
| 7 | എം.പി. വിനോദ് | ആർ.ഡി.ഒ, കളക്ടറേറ്റ്, ഇടുക്കി |
| 8 | എൻ.എസ്.പിള്ള | സി.എം.ഡി, കെ.എസ്.ഇ.ബി |
| 9 | അഗസ്റ്റി അഴകത്ത് | പ്രസിഡൻറ്, ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി |
| 10 | സാലി ജോളി | പ്രസിഡൻറ്, ബ്ലോക്ക് പഞ്ചായത്ത്, കട്ടപ്പന |
| 11 | അഡ്വ. മനോജ് എം | ചെയർമാൻ, കട്ടപ്പന മുനിസിപ്പാലിറ്റി |
| 12 | ആർ. മുരുഗേശൻ. | പ്രസിഡൻറ്, ബ്ലോക്ക് പഞ്ചായത്ത്, അടിമാലി |
| 13 | കെ.കെ ജയചന്ദ്രൻ | സെക്രട്ടറി സി.പി.ഐ. (എം), ഇടുക്കി |
| 14 | എ.ജെ. വിൽസൺ | പ്രൈവറ്റ് സെക്രട്ടറി, വൈദ്യുതി മന്ത്രി |
| 15 | ഇ.എസ്. ബിജി മോൾ | എം.എൽ.എ പീരുമേട് |
| 16 | കൊച്ചു ത്രേസ്യ പൗലോസ് | പ്രസിഡൻറ്, ജില്ലാ പഞ്ചായത്ത്, ഇടുക്കി |
| 17 | രാമയ്യ.കെ | എക്സി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, കട്ടപ്പന |
| 18 | സിജി ജോസ് | ചീഫ് എഞ്ചിനീയർ,കെ.എസ്.ഇ.ബി |
| 19 | പ്രഭാകരൻ നായർ.എം | സൂപ്രണ്ട്, ഡി.ഇ.ഒ, കട്ടപ്പന |

TA
4/10

| | | |
|---|---|---|
| 20 | റെജി.വി.കുര്യാക്കോസ് | ജില്ലാ ഫയർ ഓഫീസർ, ഇടുക്കി |
| 21 | ഡോ.പ്രിയ.എൻ | ഡി.എം.ഒ (ഹെൽത്ത്) |
| 22 | ആൻസി തോമസ് | (എൻ.പി) പ്രസിഡൻറ് |
| 23 | ഡോളി ജോസ് | പ്രസിഡൻറ്, മരിയാപുരം |
| 24 | നരേന്ദ്ര ബാബു.എസ്, ഐ.എഫ്.എസ് | ഡി.എഫ്.ഒ, മൂന്നാർ |
| 25 | അജിത.കെ.ജി | ഇൻഫർമേഷൻ & പി.ആർ.ഡി |
| 26 | രമ.പി.കെ | എക്സി.എൻജിനീയർ, പി.ഡബ്ല്യു.ഡി (ആർ.), ഇടുക്കി |
| 27 | ദീപ.റ്റി | എക്സി.എൻജിനീയർ, പി.ഡബ്ല്യു.ഡി (എൻ.എച്ച്) റോഡ്സ്, മൂവാറ്റുപുഴ |
| 28 | ഹരിലാൽ.ഡി | എക്സി.എൻജിനീയർ, പി.ഡബ്ല്യു.ഡി (കെട്ടിട വിഭാഗം), ഇടുക്കി |
| 29 | ഡി.സി.ദിലീപ് കുമാർ | എസ്.എസ്, ആർ.ഡി.ഒ, ദേവികുളം |
| 30 | പി.വി.ബിജു | ഡി.ഡി.പി.ഓഫീസ്, തൊടുപുഴ |
| 31 | ആർ.രാജശ്രീ | എസ്.എസ്, ഡി.ഡി.പി.ഓഫീസ്, തൊടുപുഴ |
| 32 | ത്രേസ്യാമ്മ ജോസഫ് | കട്ടപ്പന മുനിസിപ്പാലിറ്റി |
| 33 | പി.എസ്.ഭാനുകുമാർ | തഹസീൽദാർ, ഉടുമ്പൻചോല |
| 34 | ജെ.നബീസ | ഡെ.കളക്ടർ (ആർ.ആർ), ഇടുക്കി |
| 35 | ബെന്നി ജോസഫ് | അസി.കമ്മീഷണർ, ഫുഡ് & സേഫ്റ്റി, ഇടുക്കി, തൊടുപുഴ |
| 36 | എം.കെ.ഷാജി | തഹസീൽദാർ, പീരുമേട് |
| 37 | സാജു.പി.യു | വൈൽഡ് ലൈഫ് വാർഡൻ |
| 38 | ജി.എ.സുരേഷ്ബാബു | ഡെ.ഡി.എസ് |
| 39 | വി.ആർ.ശശി | സി.പി.ഐ. എം. സി.എസ്, കട്ടപ്പന |
| 40 | ശ്രീകല.പി.ആർ | ഇരട്ടയാർ, പ്രസിഡൻറ് (ഇൻ ചാർജ്ജ്) |
| 41 | കെ.എസ്.രാജീവ് | സെക്രട്ടറി, ഇരട്ടയാർ ഗ്രാമപഞ്ചായത്ത് |
| 42 | ജോർജ്ജ്.എം.എൽ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡയറി ഡെവലപ്മെൻറ് |
| 43 | പി.പി.ചന്ദ്രൻ | സോയിൽ കൺസർവേഷൻ ഓഫീസർ |

| | | |
|---|---|---|
| | ഷീബ ജയൻ | പ്രസിഡൻറ്, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് |
| 45 | ഷീബ സതയ്നാഥൻ | പ്രസിഡൻറ്, ഉപ്പുതറ |
| 46 | അഡ്വ.വി.എസ്.അഭിലാഷ് | ജില്ലാ സെക്രട്ടറി, എ.ഐ.എസ്.എഫ് |
| | റ്റി.എസ്.ബിസി | സി.പി.ഐ(എം) വണ്ടൻമേട് ഏരിയ സെക്രട്ടറി |
| 48 | സന്ധയ്.പി.നായർ | ജെ.റ്റി.ഒ, ബി.എസ്.എൻ.എൽ, നെടുങ്കണ്ടം |
| 49 | ഷാജി നെല്ലിപ്പറമ്പൻ | ബി.ജെ.പി ഇടുക്കി ജില്ലാ സെക്രട്ടറി |
| 50 | റ്റി.റ്റി.ജേക്കബ്ബ് | കേരള കോൺഗ്രസ്സ് (എം) ജില്ലാ സെക്രട്ടറി |
| 51 | മാതയ്ു ജോർജ്ജ് | കാളിയാർ പഞ്ചായത്ത് പ്രസിഡൻറ് |
| 52 | കെ.എൻ.ബിന്ദു | സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ, കാളിയാർ |
| 53 | കെ.ജെ.ഷാജി | ആർ.റ്റി.ഒ, ഇടുക്കി |
| 54 | എം.കെ.റഷീദ് | ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| | തമ്പി ജോർജ്ജ് | അടിമാലി ഗ്രാമ പഞ്ചായത്ത് മെമ്പർ |
| 56 | ബിന്ദു ചോപ്ര | പ്രസിഡൻറ് ഇൻ ചാർജ്ജ്,അടിമാലി ഗ്രാമ പഞ്ചായത്ത് |
| 57 | എ.പി.ഉസ്മാൻ | കോൺഗ്രസ് (ഐ) |
| 58 | ജോർജ്ജ് ജോസഫ് | പ്രസിഡൻറ്, കൊന്നത്തടി ഗ്രാമ പഞ്ചായത്ത് |
| 59 | എ.എൽ.ബാബു | പ്രസിഡൻറ്, അയയ്പ്പൻകോവിൽ ഗ്രാമ പഞ്ചായത്ത് |
| 60 | ജോസഫ്.കെ.എസ് | തഹസീൽദാർ, ഇടുക്കി |
| 61 | അനിൽ കൂവപ്ലാക്കൽ | എൻ.സി.പി ജില്ലാ വൈസ് പ്രസിഡൻറ് |
| 62 | മാതയ്ു വർഗ്ഗീസ് | സി.പി.ഐ, സ്റ്റേറ്റ് കൗൺസിൽ മെമ്പർ |
| 63 | വിൻസി.കെ.ജേക്കബ്ബ് | ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, മൈനർ ഇറിഗേഷൻ, കട്ടപ്പന |
| 64 | ഡോ.ആൻസി തോമസ് | സി.എം.ഒ, ഡി.എം.ഒ ഓഫീസ് |

| | | |
|---|---|---|
| 65 | നവാസ്.വി.കെ | ഡി.എൽ.ഒ ഇടുക്കി, തൊടുപുഴ |
| 66 | സാബു സാമുവൽ | ജില്ലാ ലോട്ടറി ഓഫീസ്, ഇടുക്കി |
| 67 | ഡോ.ബിനു.എസ് | എം.ഒ (ഹോമിയോ), ഡി.എം.ഒ ഓഫീസ് |
| 68 | സോജിൻ പുന്നൂസ് | ജെ.എസ്, കളക്ടറേറ്റ്, ഇടുക്കി |
| 69 | വിൻസൻറ് ജോസഫ് | ജെ.എസ്, കളക്ടറേറ്റ്, ഇടുക്കി |
| 70 | പ്രകാശ് | സീനിയർ ക്ലർക്ക്, കളക്ടറേറ്റ്, ഇടുക്കി |
| 71 | നിസാർ.പി.എച്ച് | സീനിയർ ക്ലർക്ക്, കളക്ടറേറ്റ്, ഇടുക്കി |
| 72 | പോൾസൻ | സീനിയർ ക്ലർക്ക്, കളക്ടറേറ്റ്, ഇടുക്കി |
| 73 | രാജ്മോൻ | ക്ലർക്ക്, കളക്ടറേറ്റ്, ഇടുക്കി |
| 74 | അനിൽ ഐസക്ക് | എച്ച്.സി, കളക്ടറേറ്റ്, ഇടുക്കി |
| 75 | രജ്ഞിത്ത്.ആർ.വി | സീനിയർ ക്ലർക്ക്, കളക്ടറേറ്റ്, ഇടുക്കി |
| 76 | അനീഷ്.എസ്.എൻ ആഷ് | ക്ലർക്ക്, കളക്ടറേറ്റ്, ഇടുക്കി |

യോഗനടപടികൾ 9.20 ന് ആരംഭിച്ചു. കനത്ത മഴയെ തുടർന്നുണ്ടായ നാശനഷ്ടങ്ങളെ കുറിച്ചും സർക്കാരും ജില്ലാ ഭരണകൂടവും സ്വീകരിച്ച നടപടികളെക്കുറിച്ചും റിപ്പോർട്ട് സമർപ്പിക്കുവാൻ അദ്ധ്യക്ഷൻ ജില്ലാ കളക്ടറെ ക്ഷണിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചെറുതോണി ഡാം തുറന്നതിനെ തുടർന്ന് സ്വീകരിച്ച നടപടികളെപ്പറ്റിയും ക്യാമ്പുകളുടെയും മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ജില്ലാ കളക്ടർ വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ഓരോ വകുപ്പുകളും ചെയ്ത പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിക്കാൻ അദ്ധ്യക്ഷൻ ആവശ്യപ്പെട്ടു. വകുപ്പ് മേധാവികൾ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചേർക്കുന്നു

**പി.ഡബ്ല്യൂ.ഡി റോഡ്സ്**

ഏകദേശം 1200 KM ഓളം റോഡുകൾ തകർന്നതായി പിഡബ്ല്യൂ.ഡി റോഡ്സ് അസിസ്റ്റൻറ് എൻജിനീയർ റിപ്പോർട്ട് ചെയ്തു. പ്രധാന റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനാണ് പ്രഥമ പരിഗണന എന്നും 250 കോടിയോളം രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ ടി കണക്കുകൾ പൂർണ്ണമായും ശരിയല്ലായെന്നും വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടും സമർപ്പിക്കുവാൻ ഇടുക്കി എം.പി ആവശ്യപ്പെട്ടു.

**ചെയർമാൻ കെ.എസ്.ഇ.ബി**

ഇടുക്കി ഡാമിലെ ജലവിതാനം നിലവിൽ നിയന്ത്രണ വിധേയമാണെന്നും ശക്തമായ മഴ മൂലമാണ് കൂടുതൽ ഷട്ടറുകൾ തുറക്കേണ്ടി വന്നതെന്നും റിപ്പോർട്ട് ചെയ്തു. പരമാവധി സ്ഥലങ്ങളിൽ വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ

ചെയ്തുവരുന്നു. സുരക്ഷ ഉറപ്പാക്കുന്നതിനായാണ് ചിലയിടങ്ങളിൽ വൈദ്യുത ബന്ധം വിച്ഛേദിച്ചത്.

ഡി.എം.ഒ

എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും മെഡിക്കൽ ടീം പ്രവർത്തിച്ചുവരുന്നുവെന്നും ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം എല്ലാ ആശുപത്രികളിലേയും ഒപി സമയം കൂട്ടുകയും മരുന്നിൻെറയും ജീവനക്കാരുടെയും ലഭ്യത ഉറപ്പുവരുത്തിയിട്ടുമുണ്ട്.

നാഷണൽ ഹൈവേ എക്സിക്യൂട്ടീവ് എൻജിനീയർ

നിരവധി റോഡുകൾ ജില്ലായിലാകെ തകർന്നു. പ്രധാന റോഡുകളായ അടിമാലി -മൂന്നാർ, അടിമാലി - പനംകുട്ടി റോഡ്. ബ്ലോക്കുകൾ താൽക്കാലികമായി നീക്കം ചെയ്യാനായി പ്രധാന റോഡുകളുടെയെല്ലാം വശങ്ങൾ ഇടിഞ്ഞതിനാൽ പൂർണ്ണമായും ശരിയാക്കുന്നതിന് സമയം വേണ്ടിവരുമെന്നും 80 കോടിയോളം രൂപ ചിലവ് പ്രതീക്ഷിക്കുന്നതായും അറിയിച്ചു.

വിദ്യാഭ്യാസവകുപ്പ് - ജില്ലാ ആഫീസർ

നിരവധി സ്കൂളുകളിൽ ക്യാമ്പ് പ്രവർത്തിച്ചുവരുന്നു. സ്കൂൾ സേഫ്റ്റി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അപകടകരമായി നിൽക്കുന്ന സ്കൂളുകൾ സുരക്ഷിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭിപ്രായപ്പെട്ടു.

ഇടുക്കി തഹസിൽദാർ

ഡാം തുറക്കുന്നതുമായി ബന്ധപ്പെട്ട് ആരംഭിച്ച ക്യാമ്പുകൾ ഇപ്പോഴും തുടരുന്നുവെന്നും ക്യാമ്പുകളിലേക്ക് ആവശ്യമായ ഭക്ഷണസാധനങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നും അറിയിച്ചു. കനത്ത മഴയിലും മണ്ണിടിച്ചിലിലും, ഉരുൾപൊട്ടലിലും ഉണ്ടായ നാശനഷ്ടങ്ങളെകുറിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു.

ഉടുമ്പഞ്ചോല തഹസിൽദാർ

ഏകദേശം 15 വീടുകൾ പൂർണ്ണമായും 250 ഓളം വീടുകൾ ഭാഗികമായും തകർന്നതായി അറിയിച്ചു. രാജാക്കാട്, ഉടുമ്പഞ്ചോല മേഖലകളിലാണ് പ്രധാനമായും ഉരുൾപൊട്ടൽ ഉണ്ടായത്. ആരംഭിച്ച ക്യാമ്പുകളിൽ ഭക്ഷണം, വൈദ്യസഹായം എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.

ദേവികുളം തഹസിൽദാർ

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം താലൂക്കിൻെറ വിവിധയിടങ്ങളിൽ നാശനഷ്ടം ഉണ്ടായതായി അറിയിച്ചു. നിരവധി റോഡുകൾ തകർന്നതായും ക്യാമ്പുകൾ തൃപ്തികരമായി പ്രവർത്തിച്ചു വരുന്നതായും അറിയിച്ചു.

പീരുമേട് തഹസിൽദാർ

മഴക്കെടുതി മൂലം 26 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി അറിയിച്ചു. നിരവധി റോഡുകൾ നശിച്ചതായും 600 ഓളം വീടുകൾ ഭാഗികമായി തകർന്നതായും റിപ്പോർട്ട് ചെയ്തു.

## കൃഷി വകുപ്പ്

ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലുമായി ഏകദേശം 15000 കൃഷിക്കാരെ ബാധിച്ചിട്ടുണ്ട്. 3840 ഹെക്ടർ കൃഷിഭൂമിയിലായി 30 കോടി രൂപയുടെ പ്രാഥമിക നഷ്ടം കണക്കാക്കിയിട്ടുണ്ട്. എല്ലാ ദിവസവും ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുന്നുണ്ട്. SDRF ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപായും DMD ഫണ്ടിൽ നിന്ന് 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്

## പോലീസ് ഡിപ്പാർട്ട്മെൻറ് – ജില്ലാ പോലീസ് മേധാവി

ജില്ല ഒട്ടാകെ പോലീസ് സേനയെ വിന്യസിച്ചിട്ടുണ്ട്. രക്ഷാ പ്രവർത്തനങ്ങളിൽ ഫയർഫോഴ്സ്, റവന്യൂ സംഘത്തോടൊപ്പം പ്രവർത്തിക്കുന്നു. തുടർന്ന് യോഗത്തിൽ പങ്കെടുത്ത പ്രസിഡൻറുമാർ പഞ്ചായത്ത് പരിധിയിൽ സംഭവിച്ച നഷ്ടങ്ങളെക്കുറിച്ചും സ്വീകരിച്ച നടപടികളെ കുറിച്ചും വിശദമായി റിപ്പോർട്ട് ചെയ്തു

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം നടപ്പാക്കുന്നതിനുള്ള അനുമതി സർക്കാരിൻെറ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്ന് അടിമാലി പഞ്ചായത്ത് പ്രസിഡൻറ് അഭിപ്രായപ്പെട്ടു.

പെരിയാർവാലിയിൽ ഉരുൾപ്പൊട്ടലിനെത്തുടർന്ന് ഏക്കർ കണക്കിന് കൃഷി നശിച്ചതായും അവിടെയുള്ള ആൾക്കാരെ സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കേണ്ടതുണ്ടെന്നും വാത്തിക്കുടി പഞ്ചായത്ത് പ്രസിഡൻറ് അഭിപ്രായപ്പെട്ടു.

നിരവധി വീടുകൾ തകർന്നത് ഭാഗികം എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത് ശരിയല്ലായെന്നും, വെള്ളം കയറിയ മിക്ക വീടുകളും പൂർണ്ണമായും വാസയോഗ്യമല്ലാതായെന്നും, അത്തരം വീടുകളെ പൂർണ്ണമായും തകർന്നതായി ഉൾപ്പെടുത്തി പരമാവധി നഷ്ടപരിഹാരം നൽകണമെന്നും പഞ്ചായത്ത് പ്രസിഡൻറുമാർ അറിയിച്ചു. കൂടാതെ മണ്ണ് നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കണമെന്നും ആവശ്യപ്പെട്ടു.

അയ്യപ്പൻകോവിൽ തൂക്കുപാലത്തിൻെറ അവസ്ഥ അപകരകരമാണെന്നും, അവധി ദിവസങ്ങളിൽ നിരവധി വിനോദ സഞ്ചാരികൾ സന്ദർശനം നടത്തുന്നതായും സ്ഥിരമായി പോലീസ് ഔട്ട്പോസ്റ്റ് വേണമെന്നും അറിയിച്ചു.

## ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്

റോഡുകളിലെ മണ്ണ് മാറ്റൽ നടന്നുവരുന്നതായും, ഫണ്ടിൻെറ കുറവ് പഞ്ചായത്ത് തലത്തിൽ ഉണ്ടെന്നും അഭിപ്രായപ്പെട്ടു. അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളുടെ ലിസ്റ്റ് നൽകുവാൻ D.D. യോട് ആവശ്യപ്പെട്ടു. ഇടുക്കി ജില്ലയ്ക്ക് പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെട്ടു.

തുടർന്ന് വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ സംസാരിച്ചു. ജില്ലാ ഭരണകൂടം സ്വീകരിച്ചു വരുന്ന നടപടികളെ പ്രശംസിച്ചതിനോടൊപ്പം നിർദ്ദേശങ്ങളും യോഗത്തിൽ പങ്കുവെച്ചു. അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. തോട്ടം തൊഴിലാളി മേഖലയിൽ സൗജന്യറേഷൻ അനുവദിക്കണമെന്നും സ്കൂളുകളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നും അഭിപ്രായപ്പെട്ടു. വീടുകളുടെ നാശനഷ്ടം, കൃഷിനാശം എന്നിവയെക്കുറിച്ച് പ്രായോഗിക കാഴ്ചപ്പാട് എടുക്കണമെന്നും പുഴകയ്യേറ്റം പരമാവധി ഒഴിവാക്കാൻ ശ്രമിക്കണമെന്നും CPI പ്രതിനിധി ആവശ്യപ്പെട്ടു. പ്രധാനമായും റോഡുകളുടെ ഓടകൾ തുറക്കുന്നതിനും, അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേരള കോൺഗ്രസ് പ്രതിനിധി അഭിപ്രായപ്പെട്ടു.

## ഇടുക്കി എം.പി. ശ്രീ. ജോയ്സ് ജോർജ്ജ്

വ്യക്തമായ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതുണ്ടെന്നും, ജില്ലാ ഭരണകൂടം ഇതുവരെ സ്വീകരിച്ച നടപടികൾ തൃപ്തികരമാണെന്നും അഭിപ്രായപ്പെട്ടു. പി.ഡബ്ല്യു.ഡി. വ്യക്തമായ എസ്റ്റിമേറ്റ് ഉണ്ടാക്കി സമർപ്പിക്കണം. മുഴുവൻ പേർക്കും വൈദ്യുതി പുനഃസ്ഥാപിക്കാൻ കെ.എസ്.ഇ.ബി. ശ്രദ്ധിക്കണം. ഇടമലക്കുടി, മാങ്കുളം തുടങ്ങി എല്ലാ ട്രൈബൽ സെറ്റിൽമെൻറുകളും സുരക്ഷിതമാണെന്ന് ജില്ലാ കളക്ടർ ഉറപ്പു വരുത്തണം. കലുങ്കുകൾ തുറന്നു വിടുന്നതിനുള്ള തീരുമാനമുണ്ടാകണം. ഷോൾഡർ റിപ്പയർ, റിട്ടേണിംഗ് വാൾ എന്നിവ ഉടനടി നടത്തണം. കൃഷിനാശത്തെ കുറിച്ച് വ്യക്തമായ കണക്കുണ്ടാകണം. മുല്ലപ്പെരിയാറിൻെറ കാര്യത്തിൽ അനാവശ്യ പരിഭ്രാന്തി ഉണ്ടാക്കുന്ന സാഹചര്യം ഉണ്ടാക്കരുത്.

## ഇടുക്കി എം.എൽ.എ. – ശ്രീ.റോഷി അഗസ്റ്റിൻ

ചെറുതോണി ഡാമിൻെറ ഷട്ടറുകൾ ട്രയൽ റൺ നടത്തി അവസാനിപ്പിക്കാനിരുന്ന തീരുമാനമെങ്കിലും മഴ ശക്തമായി തുടർന്നതിനാൽ ഷട്ടറുകൾ തുറന്ന് തന്നെ വയ്ക്കേണ്ടി വന്നു. ജില്ലാ ഭരണകൂടവും, പഞ്ചായത്ത് തല ജാഗ്രത സമിതിയും ആവശ്യമായ പ്രവർത്തനം നടത്തി മുഴുവൻ ജനങ്ങളേയും മാറ്റിപ്പാർപ്പിച്ചു. റോഡുകളുടെ പുനരുദ്ധാരണത്തിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടു. ബാങ്ക് വായ്പകൾക്ക് ഒരു വർഷം മോറട്ടോറിയം പ്രഖ്യാപിക്കണം. കൂടാതെ ഇന്നെടുത്ത മുഴുവൻ തീരുമാനങ്ങളും ജില്ലാ സപ്ലൈ ഓഫീസറെ അറിയിക്കണം.

## പീരുമേട് എം.എൽ.എ. – ശ്രീമതി.ഇ.എസ്.ബിജിമോൾ

മറ്റ് താലൂക്കുകളെ അപേക്ഷിച്ച് പ്രളയദുരന്തത്തിൻെറ വ്യാപ്തി പീരുമേട് കുറവാണെന്ന് എം.എൽ.എ. അഭിപ്രായപ്പെട്ടു. NH 183 ൽ വണ്ടിപ്പെരിയാർ–കക്കികവല ഭാഗത്ത് റോഡ് ഉയർത്തിയിട്ടുണ്ട്. സ്കൂളുകൾ, അംഗൻവാടികൾ എന്നിവയുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുവാൻ ജില്ലാ കളക്ടർ ശ്രദ്ധിക്കണം. മൺസൂൺ യാത്ര, വള്ളത്തിലൂടെയുള്ള യാത്ര എന്നിവ നിരോധിക്കണം. വീട്ടുപകരണങ്ങൾക്ക്

നഷ്ടപരിഹാരം നൽകണം. തോട്ടം മേഖലയിലെ ജനങ്ങൾക്ക് 1,000/- രൂപയെങ്കിലും ബോണസ് അനുവദിക്കണം. സർക്കാർ ഇടപെട്ട് മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടർ ഓപ്പറേറ്റിംഗ് മാനുവൽ ലഭ്യമാക്കണം. മുല്ലപ്പെരിയാറിന്റെ ഇരുകരകളിലും ലൈറ്റുകൾ സ്ഥാപിക്കുന്നതിനും, എസ്റ്റേറ്റ് റോഡുകളെല്ലാം തുറക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

<u>ജില്ലാ കളക്ടർ</u>

റെഡ് അലർട്ട് 2 ദിവസം കൂടി അറിയിച്ചിട്ടുണ്ടെന്നും, നിലവിലെ സംവിധാനങ്ങളെല്ലാം തുടരണമെന്നും, ക്യാമ്പുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും അറിയിച്ചു. പ്രളയം ബാധിക്കുന്നു എന്ന പ്രദേശങ്ങളിലുള്ള ജനങ്ങളെ അവരുടെ എതിർപ്പിനെ അവഗണിച്ച് സുരക്ഷയെ മുൻനിർത്തി നിർബന്ധമായും മാറ്റിപ്പാർപ്പിക്കണം. മീൻപിടുത്തം, സെൽഫി നിരോധനം തുടരും. മാധ്യമങ്ങളുടെ സഹകരണം തുടരണമെന്നും, ജനങ്ങളെ ഭീതിപ്പെടുത്തുന്ന രീതിയിലുള്ള റിപ്പോർട്ടുകൾ ഒഴിവാക്കണമെന്നും അഭിപ്രായപ്പെട്ടു. ഗവൺമെന്റ് ഭൂമിയിൽ നിൽക്കുന്ന അപകടകരമായ മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നാശനഷ്ടകണക്ക് തയ്യാറാക്കുവാൻ റവന്യൂ, പഞ്ചായത്ത് കൂടിച്ചേർന്ന് പ്രവർത്തിക്കും. കൃഷിനാശത്തിന്റെ കൃത്യമായ കണക്ക് കൃഷിവകുപ്പ് നൽകേണ്ടതാണ്. റോഡുകൾ, കലുങ്കുകൾ, ഓടകൾ എന്നിവ ആരെങ്കിലും അടച്ചിട്ടുണ്ടെങ്കിൽ ആയത് തുറക്കാൻ PWD നടപടി എടുക്കണം. ട്രൈബൽ മേഖലയിൽ ക്യാമ്പുകൾ തുറന്നിട്ടുണ്ട് ആവശ്യ സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനെ യോഗതീരുമാനങ്ങൾ അറിയിക്കുകയും, റേഷൻ ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യും. വീടുകളിൽ വെള്ളം കയറുകയും, ക്യാമ്പുകളിൽ വരാതെ ബന്ധുവീടുകളിൽ പോയവരുടെയും ലിസ്റ്റ് എടുക്കുന്നുണ്ട്. അപകടകരമായി നിൽക്കുന്ന സ്കൂളുകളുടെയും, ചുറ്റുമതിലുകളുടെയും ലിസ്റ്റ് 25/08/2018 ന് മുൻപ് നൽകുക.

<u>വനംവകുപ്പ് മന്ത്രി – ശ്രീ.കെ.രാജു</u>

ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന യോഗത്തിൽ ജില്ലയിലെ നിരവധി പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചത് ഉപയോഗപ്രദമായി. ഡാം തുറന്നു വിട്ടതു മൂലമുണ്ടായ പ്രത്യാഘാതങ്ങളെക്കാൾ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയാണ് ജില്ലയെ ബാധിച്ചത്. കേരളത്തിലെ റോഡുകൾക്കായി ഒരു പ്രത്യേക പാക്കേജ് സർക്കാർ ചർച്ച ചെയ്യുന്നുണ്ട്. ക്യാമ്പിന്റെ ചുമതല ഒരു റവന്യൂ ഉദ്യോഗസ്ഥനായിരിക്കണം. തിരിച്ച് വീടുകളിലേയ്ക്ക് എത്തുമ്പോൾ വീടുകൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വീട് നഷ്ടപ്പെട്ടവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുന്നതിനുള്ള സാദ്ധ്യതകളെ കുറിച്ച് സർക്കാർ ചർച്ച ചെയ്യും.

<u>വൈദ്യുത വകുപ്പ് മന്ത്രി – എം.എം.മണി</u>

എല്ലാ രാഷ്ട്രീയ പാർട്ടികളും, ജനപ്രതിനിധികളും തമ്മിലടി കൂടാതെ യോജിച്ചുള്ള പ്രവർത്തനമാണ് നടത്തി വരുന്നത്. വൈദ്യുതി ലഭ്യമാക്കാൻ ആവശ്യമെങ്കിൽ ബോർഡിന്റെ ചിലവിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിട്ട് അടിയന്തിര നടപടി സ്വീകരിക്കുവാൻ ചെയർമാനോട് ആവശ്യപ്പെട്ടു. എല്ലാ വകുപ്പുകളും അടിയന്തിരമായി നഷ്ടക്കണക്കുകളുടെ വിവരം ശേഖരിക്കേണ്ടതാണ്. വാസയോഗ്യമായ വീടുകൾ ഇല്ലാത്തവരെ മറ്റ് സംവിധാനങ്ങൾ ആലോചിച്ച് പുനരധിവസിപ്പിക്കണം. ആദിവാസി കോളനികളിൽ റവന്യൂ ഉദ്യോഗസ്ഥർ നേരിൽ പരിശോധിക്കണം. പുസ്തകം നഷ്ടപ്പെട്ടു പോയവർക്ക് ആയത് നൽകാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. റേഷൻ കാർഡ്, ഇലക്ഷൻ ഐ.ഡി. കാർഡ്, ആധാർ കാർഡ് എന്നിവ നശിച്ചു പോയവർക്ക് ആയത് ലഭ്യമാക്കുന്നതിനായി അദാലത്ത് സംഘടിപ്പിക്കുവാനും നിർദ്ദേശം നൽകി. ക്യാമ്പുകൾ തുടരുന്നിടത്തോളം കാലം മരുന്നും, ഭക്ഷണവും നൽകുവാൻ ജില്ലാ കളക്ടർ ശ്രദ്ധിക്കണം.

യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തി 12.25 ന് യോഗം അവസാനിച്ചു.

(ഒപ്പ്)
ജില്ലാ കളക്ടർ

O/o. the Chief Engineer (Civil)
Dam Safety & DRIP
Kerala State Electricity Board Ltd.

| | |
|---|---|
| CE | 6/03/10 |
| No. | 1921 |
| Date | 28/9/2018 |

ഡി.എം.I- 6449/2018

കളക്ടറേറ്റ്, ഇടുക്കി
തീയതി: 28/07/2018

ഇടുക്കി ഡാമിലെ ജലനിരപ്പ് ഉയരുന്നത് സംബന്ധിച്ച സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് ബഹുമാനപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച് കുര്യൻെറ അദ്ധ്യക്ഷതയിൽ ഇടുക്കി ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൻെറ നടപടികുറിപ്പുകൾ

യോഗനടപടികൾ 4.00 പി.എം.-ന് ആരംഭിച്ചു. യോഗത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ പങ്കെടുത്തു.

1. ശ്രീ. എം.പി വിനോദ്, റവന്യു ഡിവിഷണൽ ഓഫീസർ, ഇടുക്കി.
2. ശ്രീ. പി.ജി രാധാകൃഷ്ണൻ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, കളക്ടറേറ്റ്, ഇടുക്കി.
3. ശ്രീ. ബാലു വി.എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡാം സേഫ്റ്റി ഡിവിഷൻ, വാഴത്തോപ്പ്.
4. ശ്രീ. ബിബിൻ ജോസഫ്, ചീഫ് എഞ്ചിനീയർ, ഡാം സേഫ്റ്റി.
5. ശ്രീ. ബാബുരാജ് ഒ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഡാം സേഫ്റ്റി, പള്ളം.
6. ശ്രീ. അലോഷി പോൾ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡാം സേഫ്റ്റി.
7. ശ്രീ. ജോസഫ് കെ.എസ്, തഹസീൽദാർ, ഇടുക്കി.
8. ശ്രീ. അനിൽകുമാർ പി.ആർ, ഡെപ്യൂട്ടി തഹസീൽദാർ, ഇടുക്കി.
9. ശ്രീ. സജി മാത്യു, വില്ലേജ് ഓഫീസർ, കഞ്ഞിക്കുഴി.
10. ശ്രീ. ജയിസൺ ജോർജ്ജ്, വില്ലേജ് ഓഫീസർ, കട്ടപ്പന
11. ശ്രീ. സിബി തോമസ് കെ., വില്ലേജ് ഓഫീസർ, തങ്കമണി.
12. ശ്രീ. അബ്ദുൽകലാം എം., വില്ലേജ് ഓഫീസർ, കാഞ്ചിയാർ.
13. ശ്രീ. പി.എൽ ഇയ്യൂബ്, വില്ലേജ് ഓഫീസർ, വാത്തിക്കുടി.
14. ശ്രീ. പ്രസാദ് ജി, വില്ലേജ് ഓഫീസർ, അയ്യപ്പൻകോവിൽ.
15. ശ്രീ. സജീവൻ പി.എൻ, വില്ലേജ് ഓഫീസർ, ഇടുക്കി.
16. ശ്രീ. കെ.കെ രാജു, വില്ലേജ് ഓഫീസർ, കൊന്നത്തടി.
17. ശ്രീ. അജിൻ ആർ.എസ്, ഹസാർഡ് അനലിസ്റ്റ്

18. ശ്രീ. പ്രദീപ് ജി.എസ്, എച്ച്.എ, കെ.എസ്.ഡി.എം.എ.
19. ശ്രീ. ജോസ് സെബാസ്റ്റ്യൻ, സ്പെഷ്യൽ വില്ലേജ് ഓഫീസർ, ഉപ്പുതോട്.

ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി റവന്യു, കെ.എസ്.ഇ.ബി, ഇറിഗേഷൻ വകുപ്പിൽ സ്വീകരിക്കേണ്ടതും, നാളിതുവരെ സ്വീകരിച്ചതുമായ നടപടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ജില്ലാ കളക്ടർ ആമുഖമായി വിശദീകരിച്ചു.

ഡാമിൻെറ ഷട്ടറുകൾ തുറക്കുന്ന സമയത്ത് സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് യോഗം വിലയിരുത്തി. തുടർന്ന് അടിയന്തിരമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

1. ജലനിർഗ്ഗമന പാതയിലുള്ള പമ്പ് ഹൗസുകൾ എല്ലാം വൈദ്യുതി ബന്ധം വിച്ഛേദിച്ച് പ്രവർത്തന രഹിതമാക്കേണ്ടതാണ്. (നടപടി – കെ.എസ്.ഇ.ബി)
2. നദീതീരത്തു നിന്നും 100 മീറ്റർ ദൂരത്തിനുള്ളിൽ താമസിക്കുന്ന എല്ലാവരും ടിയാളുകളുടെ വീട്ടുപകരണങ്ങൾ സഹിതം മാറി താമസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (നടപടി – റവന്യു/പോലീസ് വകുപ്പ്)
3. ദുരന്ത നിവാരണ നിയമം 2005–ൻെറ വ്യവസ്ഥകൾ പ്രകാരം അപകടമേഖലയിൽ പ്രവർത്തിക്കുന്ന ബഹുനില കെട്ടിടങ്ങളിലെ വ്യാപാരസ്ഥാപനങ്ങളിൽ പ്രവർത്തനം നിറുത്തി വയ്ക്കുന്നതിന് നോട്ടീസ് നൽകണം. (തഹസീൽദാർ, ഇടുക്കി/ സെക്രട്ടറി, വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത്)
4. ചെറുതോണി പാലത്തിൻെറ വെൻറ് വേകളും മണ്ണുമാറ്റി ജല നിർഗ്ഗമനത്തിന് തടസ്സമില്ലാത്തതാക്കണം. (നടപടി – പി.ഡബ്ല്യു.ഡി (നിരത്ത്))
5. ആദ്യമായി ജലം തുറന്നു വിടുന്നതിന് 24 മണിക്കൂർ മുമ്പ് നിർബന്ധമായും ജാഗ്രത നിർദ്ദേശം നൽകേണ്ടതാണ്. (നടപടി – കെ.എസ്.ഇ.ബി)

6. ജലനിർഗ്ഗമന പാതയിൽ മരങ്ങൾ പിഴുത് വീണും, ഒഴുകി വന്നും തടസ്സങ്ങൾ ഉണ്ടായാൽ ജലപ്രവാഹം നിർത്തി വച്ച് തടസ്സങ്ങൾ അടിയന്തരമായി മാറ്റേണ്ടതാണ്. ( നടപടി - ഫയർ ഫോഴ്സ്/ കെ.എസ്.ഇ.ബി)
7. പെരിയാർ നദിയിൽ ഇടുക്കി വില്ലേജിന്റെ ഭാഗത്ത് ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീയുടെ മക്കൾക്ക് മെയിന്റനൻസ് ആക്ട് പ്രകാരം നോട്ടീസ് നൽകി അടിയന്തരമായി മാറ്റി താമസിപ്പിക്കുന്നതിന് റവന്യു ഡിവിഷണൽ ഓഫീസർ, ഇടുക്കിക്ക് നിർദ്ദേശം നൽകി.

തുടർന്ന് പൊതുവായ ചർച്ചകൾക്ക് ശേഷം യോഗ നടപടികൾ 5.00 മണിക്ക് അവസാനിച്ചു.

ജില്ലാ കളക്ടർ